56/DGE/HSE/NSS/2025

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററിവിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ,
(Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി: 10/12/2025

## സർക്കുലർ

വിഷയം: ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം - സപ്തദിന ക്യാമ്പ് - സംബന്ധിച്ച്.

2025-26 ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം സപ്തദിന ക്യാമ്പ് - പദ്ധതികൾ

**യുവത ഗ്രാമതയുടെ സമഗ്രതയ്ക്കായി** എന്ന ആശയത്തിലധിഷ്ഠിതമായാണ് ഇത്തവണത്തെ എൻ.എസ്.എസ്. സപ്തദിന ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്. എൻ.എസ്.എസ്. മാനുവലിന് അനുസൃതമായി യൂണിറ്റ്തല ഉപദേശക സമിതി നിർബന്ധമായും യോഗം ചേരുകയും 2025 ഡിസംബർ 26 വെള്ളിയാഴ്ച രാവിലെ മുതൽ ഏഴ് ദിവസങ്ങളിലായി ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.

ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം സപ്തദിന ക്യാമ്പുകളിൽ ഈ വർഷം നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### എൻ.എസ്.എസ് സപ്തദിന ക്യാമ്പ് കമ്മ്യൂണിറ്റി & ഓറിയന്റേഷൻ പ്രവർത്തനങ്ങൾ

2025 വർഷത്തെ ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം സപ്തദിന ക്യാമ്പ് തീം നാഷണൽ സർവീസ് സ്കീം സംസ്ഥാന സെൽ നിർദേശ പ്രകാരം,"യുവത ഗ്രാമതയുടെ സമഗ്രതയ്ക്കായി" എന്നതായിരിക്കും"

ഈ വർഷത്തെ സപ്ത ദിന ക്യാമ്പിന്റെ പേര് "ഇനിയുമൊഴുകും... മാനവസ്നേഹത്തിൻ ജീവവാഹിനിയായ്"എന്നാണ് സേവനത്തിന്റെയും ത്യാഗത്തിന്റെയും മഹത്തായ പാരമ്പര്യം പേറുന്ന നാഷണൽ സർവീസ് സ്കീമിന്റെ ഈ വർഷത്തെ സപ്തദിന ക്യാമ്പിന്റെ പേര് കാലഘട്ടം ആവശ്യപ്പെടുന്ന അതിശക്തമായ ഒരു സന്ദേശമാണ് മുന്നോട്ടുവെക്കുന്നത്. "ഇനിയുമൊഴുകും... മാനവസ്നേഹത്തിൻ ജീവവാഹിനിയായ് " എന്നത് കേവലമൊരു മുദ്രാവാക്യമല്ല, മറിച്ച് ഓരോ എൻ.എസ്.എസ് വോളന്റിയറും നെഞ്ചിലേറ്റേണ്ട ഒരു കർമ്മദർശനമാണ്."നമ്മളല്ല, നിങ്ങളാണ് " (Not Me, But You) എന്ന ആപ്തവാക്യം മുറുകെപ്പിടിച്ചുകൊണ്ട്, സേവനത്തിന്റെ ഈ മഹാപ്രവാഹം ഇനിയും മുന്നോട്ട് ഒഴുകുക തന്നെ ചെയ്യും എന്ന നിശ്ചയദാർഢ്യമാണ് "ഇനിയുമൊഴുകും" എന്ന വാക്കിലൂടെ നാം പ്രഖ്യാപിക്കുന്നത്.. എന്താണ് ഈ ഒഴുക്കിന്റെ കാതൽ? അത് നിസ്വാർത്ഥമായ മനുഷ്യസ്നേഹമാണ്. ജാതി, മതം, വർഗ്ഗം, രാഷ്ട്രീയം തുടങ്ങിയ അതിർവരമ്പുകൾക്കപ്പുറം മനുഷ്യനെ മനുഷ്യനായി കാണാനും, അപരന്റെ വേദനയിൽ സാന്ത്വനമേകാനും കഴിയുന്ന വിശാലമായ മാനവികത. സമൂഹത്തിന്റെ ജീവൻ നിലനിർത്തുന്ന 'ജീവവാഹിനി'കളാണ് (രക്തധമനികൾ) ഓരോ എൻ.എസ്.എസ് വോളന്റിയറും. നിസ്വാർത്ഥമായ സന്നദ്ധ സേവന പ്രവർത്തനങ്ങളിലൂടെ അവർ ഒഴുക്കുന്നത് സ്നേഹവും കരുതലുമാകുന്ന ജീവരക്തമാണ്. ഗ്രാമങ്ങളിലെ ഇരുളടഞ്ഞ കോണുകളിലും, ഒറ്റപ്പെട്ട മനുഷ്യരിലും, സഹായമാവശ്യമുള്ളവരിലും ഈ സ്നേഹപ്രവാഹം എത്തിച്ചേരുമ്പോഴാണ് സേവനം സാർത്ഥകമാകുന്നത്.

### കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ

ഈ ക്യാമ്പിൽ ആകെ 6 പ്രധാന കമ്മ്യൂണിറ്റി പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഏഴാമത്തെ പ്രവർത്തനം ഓരോ യൂണിറ്റിനും തനതായി തീരുമാനിക്കാവുന്നതാണ്..

1. ഡിജിറ്റൽ കൂട്ടുകാർ

ക്യാമ്പിംഗ് പ്രദേശത്തെ 25 തിരഞ്ഞെടുത്ത വീടുകളിൽ വോളന്റിയർമാർ ഡിജിറ്റൽ സാക്ഷരത നൽകുന്നു.

പ്രവർത്തനം: 8 പേർ അടങ്ങുന്ന ഒരു ടീം 5 വീടുകൾ വീതം സന്ദർശിക്കുന്നു.

ഈ പദ്ധതിയെ രണ്ട് മേഖലകളായി തിരിക്കുന്നു:

1. ഡിജിറ്റൽ ഉണർവ് (ഗ്രാമീണ മേഖലയ്ക്കായി)

2. ഡിജിറ്റൽ രക്ഷ (നഗര മേഖലയ്ക്കായി)

---

1. ഗ്രാമീണ മേഖല: "ഡിജിറ്റൽ ഉണർവ്" (അടിസ്ഥാന സാക്ഷരത)

- ലക്ഷ്യം: സാങ്കേതികവിദ്യയുടെ ബാലപാഠങ്ങൾ പകർന്നു നൽകുക.
- പ്രവർത്തന രീതി: 8 പേർ അടങ്ങുന്ന വോളന്റിയർ ടീം 5 വീടുകൾ വീതം സന്ദർശിക്കുന്നു.

പ്രവർത്തനങ്ങൾ:

- വയോജനങ്ങൾക്കായി (വിനോദവും ആശയവിനിമയവും):
- യൂട്യൂബ് ഉപയോഗിച്ച് പഴയ പാട്ടുകളും സിനിമകളും കണ്ടെത്താൻ പഠിപ്പിക്കുന്നു.
- വാട്ട്സ്ആപ്പ് വീഡിയോ കോൾ ചെയ്ത് ദൂരെയുള്ള ബന്ധുക്കളുമായി സംസാരിക്കാൻ പരിശീലിപ്പിക്കുന്നു.
- ലക്ഷ്യം: വയോജനങ്ങളുടെ ഏകാന്തത കുറയ്ക്കുക.
- വീട്ടമ്മമാർക്കായി (സാമ്പത്തിക ശാക്തീകരണം):
- UPI പെയ്മെന്റ് (Google Pay, PhonePe) ചെയ്യാൻ പഠിപ്പിക്കുന്നു.
- ഓൺലൈൻ ബാങ്കിംഗ് ബാലൻസ് പരിശോധിക്കാൻ പഠിപ്പിക്കുന്നു.
- തൊഴിൽ പോർട്ടലുകളും സർക്കാർ തൊഴിൽ അവസരങ്ങളും പരിചയപ്പെടുത്തുന്നു.
- ലക്ഷ്യം: സാമ്പത്തികവും തൊഴിൽപരവുമായ സ്വാശ്രയത്വം.

2. നഗര മേഖല: "ഡിജിറ്റൽ രക്ഷ" (സുരക്ഷയും സേവനങ്ങളും)

- ലക്ഷ്യം: സൈബർ തട്ടിപ്പുകളിൽ നിന്ന് രക്ഷ നേടുക, സർക്കാർ സേവനങ്ങൾ വീട്ടിലിരുന്ന് ഉപയോഗിക്കുക.
- പ്രവർത്തന രീതി: നഗരത്തിലെ ഫ്ലാറ്റുകൾ/റെസിഡൻസ് അസോസിയേഷൻ കേന്ദ്രീകരിച്ച് വോളണ്ടിയർമാർ ക്ലാസുകൾ നൽകുന്നു.

പ്രവർത്തനങ്ങൾ:

- വയോജനങ്ങൾക്കായി (സുരക്ഷയും ആരോഗ്യവും):
- സൈബർ സുരക്ഷ: ഒ.ടി.പി (OTP) തട്ടിപ്പുകൾ, ബാങ്ക് ഫ്രോഡുകൾ, വ്യാജ ലിങ്കുകൾ എന്നിവ തിരിച്ചറിയാനും ഒഴിവാക്കാനും പഠിപ്പിക്കുന്നു.
- ഇ-ഹെൽത്ത് & മരുന്ന്: ഓൺലൈനായി മരുന്ന് ഓർഡർ ചെയ്യാനും ഡോക്ടറെ വീഡിയോ കൺസൾട്ട് ചെയ്യാനും (eSanjeevani പോലുള്ളവ) പരിശീലിപ്പിക്കുന്നു.
- ഓൺലൈൻ ആയി ടാക്സി ഓട്ടോ ഭക്ഷണം യാത്ര: തുടങ്ങിയ സേവനങ്ങൾ ബുക്ക് ചെയ്യാൻ പഠിപ്പിക്കുന്നു.
- വീട്ടമ്മമാർക്കായി (ഈ-ഗവേണൻസും പാരന്റിംഗും):
- ഡിജിറ്റൽ പാരന്റിംഗ്: കുട്ടികളുടെ മൊബൈൽ ഉപയോഗം നിയന്ത്രിക്കാനുള്ള 'Parental Control' സംവിധാനങ്ങൾ, സ്ക്രീൻ ടൈം കുറയ്ക്കാനുള്ള വഴികൾ എന്നിവ പഠിപ്പിക്കുന്നു.
- ഈ-ഗവേണൻസ്: കറന്റ് ബിൽ, വെള്ളക്കരം, കെട്ടിട നികുതി എന്നിവ ഓൺലൈനായി അടയ്ക്കാനും, ജനന-മരണ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാനും (സേവന/സഞ്ചയ പോർട്ടലുകൾ) പരിശീലിപ്പിക്കുന്നു.
- പരാതി പരിഹാരം: പോലീസിലോ നഗരസഭയിലോ ഓൺലൈനായി പരാതി നൽകാനുള്ള സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നു

2. കരുതൽ കവചം

ക്യാമ്പ് പ്രദേശത്തെ വീടുകളിൽ സുരക്ഷാ ബോധവൽക്കരണവും പ്രഥമ ശുശ്രൂഷാ പരിശീലനവും നൽകുന്ന പദ്ധതി.

തയ്യാറെടുപ്പ്: ഈ പ്രവർത്തനത്തിന് മുന്നോടിയായി അഗ്നി രക്ഷാ സേന (Fire Force) അല്ലെങ്കിൽ ദുരന്ത നിവാരണ അതോറിറ്റി (Disaster Management Authority) എന്നിവരുമായി ചേർന്ന് വോളണ്ടിയർമാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

പ്രവർത്തന രീതി: 8 പേരടങ്ങുന്ന 5 ഗ്രൂപ്പുകളായി തിരിഞ്ഞാണ് ഈ പ്രവർത്തനം നടത്തുന്നത്. ഓരോ ഗ്രൂപ്പും 5 വീടുകൾ വീതം സന്ദർശിക്കുന്നു.

പ്രധാന പ്രവർത്തനങ്ങൾ:

- ഹോം സേഫ്റ്റി ചെക്ക് ലിസ്റ്റ് : വോളണ്ടിയർമാർ വീടുകൾ സന്ദർശിച്ച് ഒരു "ഹോം സേഫ്റ്റി ചെക്ക് ലിസ്റ്റ് " നൽകുന്നു (ഉദാഹരണത്തിന്: ഗ്യാസ് സിലിണ്ടർ സുരക്ഷ, ഇലക്ട്രിക്കൽ വയറിംഗ്, വയോജനങ്ങൾക്ക് തെന്നി വീഴാതിരിക്കാനുള്ള ക്രമീകരണങ്ങൾ).
- സുരക്ഷാ കിറ്റ് നിർമ്മാണം: പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിലെ വീടുകളിൽ അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ഒരു 'സുരക്ഷാ കിറ്റ്' (Emergency Kit) എങ്ങനെ തയ്യാറാക്കാം എന്നതിനെക്കുറിച്ച് വീട്ടുകാർക്ക് കൃത്യമായ നിർദ്ദേശം നൽകുന്നു.
- പ്രഥമശുശ്രൂഷാ കിറ്റ്: ക്യാമ്പിൽ തയ്യാറാക്കിയ ഒരു അടിസ്ഥാന പ്രഥമശുശ്രൂഷാ കിറ്റ് (First-Aid Kit) ഓരോ വീടിനും സംഭാവന ചെയ്യുന്നു.
- പരിശീലനം: ഈ സന്ദർശന വേളയിൽ, പ്രഥമ ശുശ്രൂഷയിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ (ഉദാഹരണത്തിന്: CPR, മുറിവ്, പൊള്ളൽ എന്നിവ കൈകാര്യം ചെയ്യേണ്ട രീതി) വീട്ടിലെ അംഗങ്ങളെ ലളിതമായി പഠിപ്പിക്കുന്നു.

ലക്ഷ്യങ്ങൾ:

- അപകടങ്ങൾ മുൻകൂട്ടി തടയുക, കുടുംബാംഗങ്ങൾക്ക് സുരക്ഷാബോധം നൽകുക.
- അടിയന്തിര ഘട്ടങ്ങളിൽ പ്രതികരിക്കാൻ കുടുംബാംഗങ്ങളെ പ്രാപ്തരാക്കുക.
- പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ഗ്രാമത്തെ സജ്ജമാക്കുക.

3. വിത്തും കൈക്കോട്ടും

എൻ.എസ്.എസ് ക്യാമ്പിന്റെ ഭാഗമായി ക്യാമ്പ് പ്രദേശത്തെ വീടുകളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "വിത്തും കൈക്കോട്ടും".

ലക്ഷ്യം: ക്യാമ്പ് പ്രദേശത്തെ തിരഞ്ഞെടുത്ത 25 വീടുകളിൽ കുറഞ്ഞത് 10 പച്ചക്കറി തൈകൾ വീതം നട്ടുപിടിപ്പിക്കുക.

സഹകരണം: കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ (VFPCK).

പ്രവർത്തന പദ്ധതി:

- ഘട്ടം 1 (സർവ്വേയും തിരഞ്ഞെടുപ്പും): ആദ്യ ദിനങ്ങളിലെ കമ്മ്യൂണിറ്റി പ്രവർത്തനത്തിനൊപ്പം സർവ്വേ നടത്താം. 8 പേരടങ്ങുന്ന 5 ഗ്രൂപ്പുകളായി തിരിഞ്ഞ് വീടുകൾ സന്ദർശിച്ച് കൃഷിക്ക് അനുയോജ്യമായ 25 വീടുകൾ കണ്ടെത്തുന്നു.
- ഘട്ടം 2 (വിഭവ സമാഹരണം): കൃഷിഭവൻ, VFPCK എന്നിവടങ്ങളിൽ നിന്ന് ഗുണനിലവാരമുള്ള തൈകൾ സമാഹരിക്കുന്നു.
- ഘട്ടം 3 (പരിശീലനം): വോളണ്ടിയർമാർക്ക് ശാസ്ത്രീയ കൃഷിരീതികളിൽ പരിശീലനം നൽകുന്നു.
- ഘട്ടം 4 (നടീൽ ഉത്സവം): ഓരോ ഗ്രൂപ്പും 5 വീടുകളിൽ തൈകൾ നടുന്നു.

4. ലഹരിക്കെതിരെ നാട്ടുണരട്ടെ (ആസാദ് സേന)

ലഹരിക്കെതിരെ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും പങ്കാളികളാക്കിക്കൊണ്ട് സംഘടിപ്പിക്കുന്ന വിപുലമായ ഒരു ക്രിയേറ്റീവ് ക്യാമ്പയിനാണിത്.

ലക്ഷ്യങ്ങൾ:

- ലഹരി വിരുദ്ധ സന്ദേശം ഏറ്റവും ക്രിയാത്മകമായി പൊതുസമൂഹത്തിൽ എത്തിക്കുക.
- ക്യാമ്പിന്റെ ആദ്യ ദിനം തന്നെ ഏറ്റവും ഉയർന്ന സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക.
- ലഹരി വിമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിനായി ജനങ്ങളെ പ്രതിജ്ഞാബദ്ധരാക്കുക.

സമയം: എൻ.എസ്.എസ് ക്യാമ്പിന്റെ ആദ്യ ദിവസം പകലും മൂന്നാം ദിനം വൈകുന്നേരവുമായി.

പങ്കാളിത്തം: തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പോലീസ്, എക്സൈസ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ പദ്ധതി പ്രവർത്തകർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, കർഷകർ, വ്യാപാരി വ്യവസായികൾ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും.

പ്രവർത്തന പദ്ധതി:

- പകൽ (ക്യാമ്പ് വിളംബര ജാഥ, കമ്മ്യൂണിറ്റി ക്യാൻവാസ് & കലാവിഷ്കാരം): ക്യാമ്പ് വിളംബര ജാഥയോടൊപ്പം, ക്യാമ്പ് പരിസരത്തുള്ള ഒരു പ്രധാന പൊതു ഇടത്ത് വെച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- പൊതുസ്ഥലത്ത് ഒരു വലിയ കമ്മ്യൂണിറ്റി ക്യാൻവാസ് സ്ഥാപിക്കുകയും, ലഹരി വിരുദ്ധ സന്ദേശങ്ങളും ചിത്രങ്ങളും വരയ്ക്കാനും എഴുതാനും ജാഥയിൽ പങ്കെടുക്കുന്നവരെയും നാട്ടുകാരെയും ക്ഷണിക്കുന്നു.
- വൈകുന്നേരം (സമൂഹ ജാഗ്രത ജ്യോതി): മൂന്നാം ദിനം വൈകുന്നേരം 5.30 മണിക്ക് വോളണ്ടിയർമാർ ഫ്ലാഷ് മോബ് , തെരുവ് നാടകം എന്നിവ അവതരിപ്പിക്കുന്നു 6 മണിക്ക് ശേഷം ക്യാമ്പിംഗ് സ്കൂൾ പരിസരത്തുള്ള മിനിമം 300 പേരുടെ പങ്കാളിത്തത്തോടെ "സമൂഹ ജാഗ്രത ജ്യോതി" തെളിയിക്കുന്നു.
- പങ്കെടുത്ത എല്ലാവരും ചേർന്ന് ലഹരിക്കെതിരെ ദീപം കൈകളിൽ ഏന്തി പ്രതിജ്ഞ എടുക്കുന്നു.

5. സ്നേഹാങ്കണം

ക്യാമ്പ് പ്രദേശത്തെ ഒരു അങ്കണവാടിയെ ദത്തെടുത്ത് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കുട്ടികളോടൊപ്പം സമയം ചെലവഴിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്.

ലക്ഷ്യങ്ങൾ: കുട്ടികളോടുള്ള അനുകമ്പയും സ്നേഹവും വളർത്തുക, പുനരുപയോഗം (Reuse) എന്ന ആശയം പ്രോത്സാഹിപ്പിക്കുക, പൊതു സ്ഥാപനങ്ങളെ ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുക.

പ്രവർത്തനങ്ങൾ:

- വിഭവ സമാഹരണവും പുനരുപയോഗവും: സമൂഹത്തിൽ നിന്ന് കുട്ടികൾക്കുള്ള ഉപയോഗയോഗ്യമായ പഴയ കളിപ്പാട്ടങ്ങൾ, കുട്ടികൾ ഫർണിച്ചറുകൾ, പുസ്തകങ്ങൾ എന്നിവ ശേഖരിക്കുന്നു. ഇവയിൽ കേടുപാടുകൾ ഉള്ളവ വോളണ്ടിയർമാർ തന്നെ അറ്റകുറ്റപ്പണികൾ നടത്തി പുതുക്കി അങ്കണവാടിക്ക് സംഭാവന നൽകുന്നു.
- പഠനസഹായികളുടെ നിർമ്മാണം: കുട്ടികൾക്ക് എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി വോളണ്ടിയർമാർ സ്വന്തമായി ചാർട്ടുകൾ, മോഡലുകൾ എന്നിവ നിർമ്മിക്കുന്നു (കുറഞ്ഞത് 10 എണ്ണം).
- സൗന്ദര്യവൽക്കരണം & പരിസ്ഥിതി സംരക്ഷണം: അങ്കണവാടി മുറ്റത്ത് മനോഹരമായ ഒരു പൂന്തോട്ടം നിർമ്മിച്ചു നൽകുന്നു. അങ്കണവാടി വളപ്പിൽ 5 ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നു. അങ്കണവാടിയുടെ ഒരു ചുമരെങ്കിലും വർണ്ണാഭമായ ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കുന്നു.

- കളിയും ചിരിയും (വിനോദ പരിപാടി): ഒരു ദിവസം പൂർണ്ണമായും കുട്ടികൾക്കൊപ്പം ചെലവഴിക്കുന്നു. ആക്ഷൻ സോങ്ങുകൾ, ലഘുവായ കളികൾ, കഥപറച്ചിൽ എന്നിവയിലൂടെ കുട്ടികളെ സന്തോഷിപ്പിക്കുന്നു.
- ഈ വർഷത്തെ ക്യാമ്പിലെ ഏറ്റവും പ്രധാന പദ്ധതിയാണ് സ്നേഹങ്കണം. മികച്ച രീതിയിൽ നിർവഹണം നടത്തണം കൃത്യമായി ഡോക്യുമെന്റ് ചെയ്യുകയും വേണം
- കേരളത്തിലെ 1500 അങ്കണ വാടികളുടെ മുഖം മിനുക്കൽ കൗമാരക്കാരായ ഹയർ സെക്കന്ററി വിദ്യാർത്ഥിനി വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായാ ഇടപെടൽ കാരണം സാധ്യമാകുന്നു

6. മണ്ണും മനുഷ്യനും (അധ്വാനത്തിന്റെ മഹത്വം തിരിച്ചറിയുന്നതിനായുള്ള പഠന പദ്ധതി)

നാഷണൽ സർവീസ് സ്കീമിന്റെ 'വിദ്യാഭ്യാസം സേവനത്തിലൂടെ' എന്ന ആശയത്തെ മുൻനിർത്തി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ലക്ഷ്യങ്ങൾ: ശാരീരിക അധ്വാനത്തിന്റെ പ്രാധാന്യവും മഹത്വവും വോളന്റിയർമാരെ ബോധ്യപ്പെടുത്തുക. ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ തൊഴിലുറപ്പ് പദ്ധതിയുടെ പങ്ക് മനസ്സിലാക്കുക, തൊഴിലാളികളുമായി ഇടപഴകുന്നതിലൂടെ അവരുടെ ജീവിതസാഹചര്യങ്ങൾ പഠിക്കുക.

പ്രവർത്തന പദ്ധതി :

- ഘട്ടം 1 (മുന്നൊരുക്കം): വാർഡ് മെമ്പറുമായും തൊഴിലുറപ്പ് മേറ്റുമായും ചർച്ച നടത്തി സുരക്ഷിതമായ ഒരു തൊഴിലിടം (ഉദാ: തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മഴക്കുഴി നിർമ്മാണം) കണ്ടെത്തുക.
- ഘട്ടം 2 (നിർവ്വഹണം): രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:30 വരെ. വോളണ്ടിയർമാർ തൊഴിലുറപ്പ് തൊഴിലാളികൾക്കൊപ്പം ചേർന്ന് ജോലി ചെയ്യുന്നു (ശ്രമദാനം). ഉച്ചഭക്ഷണ സമയത്ത് വോളണ്ടിയർമാർ തങ്ങളുടെ ഭക്ഷണം തൊഴിലാളികളുമായി പങ്കുവെക്കുന്നു. ജോലിക്ക് ശേഷം തൊഴിലാളികളുമായി ലഘുവായ അഭിമുഖം നടത്തുക.
- ഘട്ടം 3 (വിലയിരുത്തൽ): ക്യാമ്പിൽ തിരിച്ചെത്തിയ ശേഷം 'അനുഭവ പങ്കുവെക്കൽ' സെഷൻ നടത്തുക. വോളണ്ടിയർമാർ ഡയറിയിൽ അനുഭവക്കുറിപ്പുകൾ തയാറാക്കുക.

7. ഗ്രാമപഥം: നാടറിയാൻ, നാടിനൊപ്പം

സപ്തദിന ക്യാമ്പിന്റെ ഭാഗമായി രണ്ടാം ദിവസം മുതൽ ആറാം ദിവസം വരെ, വൈകുന്നേരങ്ങളിൽ (4.30 PM – 6.00 PM) ക്യാമ്പ് നടക്കുന്ന ഗ്രാമത്തിന്റെ ഉൾവഴികളിലൂടെ വിദ്യാർത്ഥികൾ നടത്തുന്ന വേറിട്ടൊരു പഠനയാത്രയാണിത്.

ശ്രദ്ധിക്കുക: 'വേരുകൾ തേടി' (പ്രാദേശിക ചരിത്ര രചന) എന്ന പദ്ധതിക്കായി വിവരശേഖരണം ഈ യാത്രകളിലും മറ്റു കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾക്കൊപ്പവും നടത്താവുന്നതാണ്.

നടത്തിപ്പ് രീതി: 4 ഗ്രൂപ്പുകൾ, 4 വ്യത്യസ്ത വഴികൾ. ഓരോ ദിവസവും ഓരോ ഗ്രൂപ്പും വ്യത്യസ്ത റൂട്ടുകൾ തിരഞ്ഞെടുക്കുന്നു.

ദൈനംദിന പ്രവർത്തനങ്ങൾ:

- ദിവസം 1 (ക്യാമ്പ് ഡേ 2) – പരിസ്ഥിതി സംരക്ഷണം: പ്ലോഗിംഗ് (Plogging) – വഴിയോരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പെറുക്കി മാറ്റുന്നു. അപ്രത്യക്ഷമായ മരങ്ങൾ, കുളങ്ങൾ, എന്നിവയെക്കുറിച്ച് ചോദിച്ചറിയുന്നു.
- ദിവസം 2 (ക്യാമ്പ് ഡേ 3) – കാർഷിക സംസ്കൃതി & ഭക്ഷ്യസുരക്ഷ: ഓരോ വീട്ടിലും അടുക്കളത്തോട്ടം നിർമ്മിക്കേണ്ടതിൻറെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുന്നു. പണ്ടുകാലത്തെ കൃഷിരീതികൾ, പഴയ കാർഷിക ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് ചോദിച്ചറിയുന്നു.
- ദിവസം 3 (ക്യാമ്പ് ഡേ 4) – ആരോഗ്യ ജാഗ്രത & ജീവിതശൈലീ രോഗങ്ങൾ: 'നടപ്പാണ് ഏറ്റവും നല്ല വ്യായാമം' എന്ന സന്ദേശം ജനങ്ങളിലെത്തിക്കുന്നു. പഴയകാലത്തെ ഭക്ഷണരീതികൾ, ആരോഗ്യ ശീലങ്ങൾ എന്നിവ രേഖപ്പെടുത്തുന്നു. മൂന്നാം ദിനം യാത്ര എല്ലാ

ഗ്രൂപ്പുകളും ലഹരി വിരുദ്ധ ക്യാൻവാസ് സ്ഥാപിച്ചിട്ടുള്ള പ്രധാന കവലയിൽ സംഗമിച്ച് ലഹരിക്കെതിരെ നാട്ടുണരട്ടെ പദ്ധതി പൂർത്തിയാക്കണം

- ദിവസം 4 (ക്യാമ്പ് ഡേ 5) – ഊർജ്ജ സംരക്ഷണം & ശുഭയാത്ര: വീട്ടുകളിൽ എനർജി സേവിംഗ് ടിപ്പുകൾ നൽകുന്നു. വൈദ്യുതി വരുന്നതിന് മുൻപുള്ള കാലത്തെക്കുറിച്ച് ചോദിച്ചറിയുന്നു.
- ക്യാമ്പ് പ്രദേശത്തെ പ്രധാന കവലയിൽ ട്രാഫിക് ബോധവൽക്കരണവും (പ്ലക്കാർഡ് പ്രദർശനം, ലഘുലേഖ വിതരണം) നടത്തുന്നു.
- ദിവസം 5 (ക്യാമ്പ് ഡേ 6) – ഗ്രാമചരിത്ര, സാംസ്കാരിക യാത്ര: ഗ്രാമത്തിലെ മുതിർന്ന വ്യക്തികളെ ആദരിക്കുന്നു. സ്ഥലനാമ ചരിത്രം, സ്വാതന്ത്ര്യ സമര കഥകൾ, കലാരൂപങ്ങൾ എന്നിവ രേഖപ്പെടുത്തുന്നു.

8. വേരുകൾ തേടി (പ്രാദേശിക ചരിത്ര രചനയും പൈതൃക സംരക്ഷണവും)

ആമുഖം:

ഒരു ദേശത്തിന്റെ സംസ്കാരവും ചരിത്രവും വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കുക എന്നത് എൻ.എസ്.എസ്സിന്റെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. ക്യാമ്പ് നടക്കുന്ന പ്രദേശത്തിന്റെ സ്ഥലനാമ ചരിത്രം, സാംസ്കാരിക പൈതൃകം, നാട്ടുചരിത്രം എന്നിവ മുതിർന്ന പൗരന്മാരിൽ നിന്നും ചോദിച്ചറിഞ്ഞ് ശാസ്ത്രീയമായി ക്രോഡീകരിച്ച് ഒരു ചരിത്രരേഖ നിർമ്മിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ:

- ക്യാമ്പ് പ്രദേശത്തിന്റെ ചരിത്രവും പൈതൃകവും ശാസ്ത്രീയമായി വീണ്ടെടുക്കുക.
- മുതിർന്ന തലമുറയുമായുള്ള ആശയവിനിമയത്തിലൂടെ അറിവുകൾ സ്വായത്തമാക്കുക.
- പ്രാദേശിക ചരിത്രരചനയുടെ ശാസ്ത്രീയ വശങ്ങൾ വോളന്റിയർമാർക്ക് പരിചയപ്പെടുത്തുക.
- ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി തയ്യാറാക്കുക.

മുന്നൊരുക്കം / പരിശീലനം (Preparation):

ഈ പദ്ധതിക്ക് മുന്നോടിയായി, സ്കൂളിലെ ചരിത്ര അധ്യാപകന്റെ സേവനം പ്രയോജനപ്പെടുത്തി വോളന്റിയർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നു. ചരിത്ര രചന, വിവരശേഖരണ രീതികൾ, അഭിമുഖം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തൽ എന്നിവയിൽ ശാസ്ത്രീയമായ അറിവ് നൽകുന്നു.

പ്രവർത്തന രീതി :

- ഘട്ടം 1: വിവര ശേഖരണം

കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾക്കായി (സർവ്വേ/ഗൃഹസന്ദർശനം) എല്ലാ ദിവസവും വീട്ടുകൾ സന്ദർശിക്കുന്ന വോളണ്ടിയർ ഗ്രൂപ്പുകളിൽ നിന്ന് തിരഞ്ഞെടുത്ത 5 പേരെ ചരിത്ര വിവരശേഖരണത്തിനായി ചുമതലപ്പെടുത്തുന്നു. ഇവർ മറ്റ കമ്മ്യൂണിറ്റി പ്രവർത്തനങ്ങളേർപ്പെടുമ്പോൾ ഒപ്പം മുതിർന്ന പൗരന്മാർ, പഴയകാല സാമൂഹ്യ പ്രവർത്തകർ എന്നിവരുമായി സംസാരിച്ച് "വാമൊഴി ചരിത്രം") ശേഖരിക്കുന്നു. സ്ഥലനാമ ചരിത്രം, ഐതിഹ്യങ്ങൾ, പഴയകാല കൃഷിരീതികൾ, കലാരൂപങ്ങൾ എന്നിവ രേഖപ്പെടുത്തുന്നു.

- ഘട്ടം 2: സൂക്ഷ്മ പരിശോധന

ഓരോ ദിവസവും ശേഖരിക്കുന്ന വിവരങ്ങൾ ക്യാമ്പിലെ അവലോകന യോഗത്തിൽ അവതരിപ്പിക്കുന്നു. ചരിത്ര അധ്യാപകന്റെയും മറ്റ് വിദഗ്ധരുടെയും സഹായത്തോടെ ലഭ്യമായ വിവരങ്ങൾ മറ്റ് രേഖകളുമായി ഒത്തുനോക്കി സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നു.

- ഘട്ടം 3: ജില്ലാതല ക്രോഡീകരണവും പ്രസിദ്ധീകരണവും

പരിശോധിച്ച് ഉറപ്പുവരുത്തിയ വിവരങ്ങൾ ഉൾപ്പെടുത്തി "ദേശനാഴിക" (Deshanazhika) എന്ന പേരിൽ പ്രാദേശിക ചരിത്രരേഖ തയ്യാറാക്കുന്നു. ഇത് പിന്നീട് ജില്ലാ തലത്തിൽ ക്രോഡീകരിച്ച് വിപുലമായ ചരിത്രരേഖയായി പ്രസിദ്ധീകരിക്കുന്നു.

കുറിപ്പ്: വേരുകൾ തേടി (പ്രാദേശിക ചരിത്ര രചനയും പൈതൃക സംരക്ഷണവും: ഇതിനായുള്ള വിവരശേഖരണം നടത്താൻ ഒരു ദിവസം പ്രത്യേകമായി മാറ്റി വയ്ക്കേണ്ടതില്ല മറ്റ കമ്മ്യൂണിറ്റി പ്രവത്തനങ്ങൾക്കൊപ്പം വിവര ശേഖരണം നടത്താം ഇതിനായി ഓരോ ഗ്രൂപ്പിലും രണ്ടോ മൂന്നൊ വോളന്റീർമാർക്കു പരിശീലനം നൽകാം. മറ്റ പ്രവർത്തനങ്ങളോടൊപ്പം അയത്ന ലളിതമായി പൂർത്തിയാക്കാവുന്ന ഒരു പ്രൊജക്റ്റ് . കേരളത്തിലെ ഹയർ സെക്കന്ററി എൻ എസ് എസ് വോളന്റീർമാരുടെ സപ്ത ദിന ക്യാമ്പിന്റെ ഏറ്റവും മികച്ച ബൗദ്ധിക ഉല്പന്നവും ഇതായിരിക്കും

ഗ്രാമപഥം: നാടറിയാൻ, നാടിനൊപ്പം എന്ന പദ്ധതി നിർവഹണത്തിനൊപ്പവും വിവര ശേഖരണം നടത്താം ഫലത്തിൽ ആറു കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ മാത്രമാണ് നല്കിയിട്ടുള്ളതുണ്. ഏഴാമത്തെ പ്രവർത്തനം യൂണിറ്റിന് തനതായി തീരുമാനിക്കാം

## ഓറിയന്റേഷൻ പ്രവർത്തനങ്ങൾ

### 1. കൈമുതൽ (പ്രകൃതിജന്യ വിഭവങ്ങളിലെ മൂല്യവർധന പരിശീലനം)

ലക്ഷ്യം:

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന പ്രകൃതിദത്ത വിഭവങ്ങളെ ഉപയോഗപ്പെടുത്തി, രാസവസ്തുക്കൾ ചേർക്കാത്ത വിശിഷ്ടമായ മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ എൻ.എസ്.എസ് വോളന്റിയർമാരെ പരിശീലിപ്പിക്കുക.

സമയക്രമം: 2 മണിക്കൂർ 30 മിനിറ്റ്

1. അസംസ്കൃത വസ്തുക്കളും സാധ്യമായ ഉത്പന്നങ്ങളും (Raw Materials & Products)

ഓരോ യൂണിറ്റിനും അവരുടെ പ്രദേശത്ത് ലഭ്യമാകുന്നതനുസരിച്ച് താഴെ പറയുന്നവയിൽ നിന്ന് ഉചിതമായത് തിരഞ്ഞെടുക്കാം:

- മത്സ്യം & മാംസം (Fish & Meat): മീൻ അച്ചാർ (ചൂര/അയല), ഇറച്ചി അച്ചാർ, ഡ്രൈ ഫ്രൈ/റോസ്റ്റ്.
- ഇലുമ്പൻ പുളി (Bilimbi): സ്ക്വാഷ്, അച്ചാർ (കാന്താരി ചേർത്തത് ), ഉണക്കിയ മധുരപ്പുളികൾ.
- ചക്ക (Jackfruit): ചക്ക വറുത്തത്, ചക്ക ഹൽവ, ചക്ക സ്ക്വാഷ്, ചക്കക്കുരു ഷേക്ക് (ലഭ്യത അനുസരിച്ച് ഉണക്കച്ചക്കയോ പൊടിയോ ഉപയോഗിക്കാം).
- വാഴപ്പഴം & വാഴപ്പിണ്ടി (Banana & Stem): ഏത്തക്കാ ചിപ്സ്, ശർക്കരവരട്ടി, വാഴപ്പിണ്ടി അച്ചാർ/ജ്യൂസ്, കായപ്പൊടി.
- നാളികേരം (Coconut): വെർജിൻ വെളിച്ചെണ്ണ, തേങ്ങാവെള്ളം വിനാഗിരി, കൊപ്ര മിഠായി.
- കിഴങ്ങ് വർഗ്ഗങ്ങൾ (Tubers): കപ്പ ചിപ്സ്/പപ്പടം, ചേന/ചേമ്പ് അച്ചാറുകൾ.
- മറ്റ് പഴവർഗ്ഗങ്ങൾ (Fruits): പാഷൻ ഫ്രൂട്ട് സ്ക്വാഷ്, ജാതിക്ക ജാം/സിറപ്പ്, പപ്പായ ടൂട്ടി-ഫ്രൂട്ടി.

പ്രത്യേകം ശ്രദ്ധിക്കാൻ:

ഇവിടെ നൽകിയിട്ടുള്ള പട്ടികയ്ക്ക് പുറമെ, ഓരോ പ്രദേശത്തും സുലഭമായി ലഭിക്കുന്ന മറ്റ് ഭക്ഷ്യവസ്തുക്കളും യൂണിറ്റുകൾക്ക് തങ്ങളുടെ യുക്തിക്കനുസരിച്ച് ഈ പരിശീലനത്തിനായി തിരഞ്ഞെടുക്കാവുന്നതാണ്.

2. പരിശീലന രീതി (Training Methodology)

കൃത്യമായ പ്ലാനിംഗിലൂടെ നാല് ഘട്ടങ്ങളിലായാണ് പരിശീലനം ക്രമീകരിക്കുന്നത്:

- ഘട്ടം 1: ആമുഖം (Introduction)

- ○ മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണി സാധ്യതകൾ പരിചയപ്പെടുത്തുന്നു.
- ○ ഭക്ഷ്യസുരക്ഷ, ശുചിത്വം (Hygiene) എന്നിവയെക്കുറിച്ചുള്ള അവബോധം നൽകുന്നു.
- ■ ഘട്ടം 2: ഡെമോൺസ്ട്രേഷൻ
- ○ തിരഞ്ഞെടുത്ത ഒന്നോ രണ്ടോ പ്രധാന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വിധം വിദഗ്ധർ (കൃഷി വകുപ്പ് ഉദ്യോഗസ്ഥരോ, കുടുംബശ്രീ അംഗങ്ങളോ, അധ്യാപകരോ) നേരിട്ട് കാണിച്ചു തരുന്നു.
- ■ ഘട്ടം 3: പ്രായോഗിക പരിശീലനം
- ○ ഇതാണ് പ്രധാന ഘട്ടം. വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിക്കുന്നു.
- ○ ഓരോ ഗ്രൂപ്പും അവർ തിരഞ്ഞെടുത്ത അസംസ്കൃത വസ്തുക് ഉപയോഗിച്ച് (Use of discretion & creativity) ഉത്പന്നങ്ങൾ നിർമ്മിക്കുന്നു.
- ■ ഘട്ടം 4: പാക്കിംഗും വിപണനവും
- ○ തയ്യാറാക്കിയ ഉത്പന്നങ്ങൾ ആകർഷകമായ രീതിയിൽ പാക്ക് ചെയ്യുന്നു.
- ○ ലേബൽ ഒട്ടിക്കൽ, ബ്രാൻഡിംഗ് എന്നിവ പരിചയപ്പെടുത്തുന്നു.

3. തുടർപ്രവർത്തനം: ഭക്ഷ്യമേള

ഈ പരിശീലനത്തിന്റെ തുടർച്ചയായി, സ്കൂൾ തുറന്നതിനു ശേഷം വിപുലമായ ഒരു 'ഭക്ഷ്യമേള' (Food Fest) വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നതാണ്. ക്യാമ്പിൽ വെച്ച് കുട്ടികൾ ആർജ്ജിച്ച നൈപുണ്യം ഉപയോഗിച്ച് കൂടുതൽ ഉത്പന്നങ്ങൾ നിർമ്മിക്കാനും, അത് സഹപാഠികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും മുന്നിൽ അവതരിപ്പിക്കാനും വിപണനം നടത്താനും ഇത് അവസരമൊരുക്കും.

2. ഗ്രാമസ്വരാജ്

തദ്ദേശ ഭരണകൂടത്തെ അടുത്തറിയാം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചും (Local Self Government Institutions LSGI), പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഭരണസംവിധാനത്തെക്കുറിച്ചും കുട്ടികൾക്ക് ആഴത്തിലുള്ള അറിവ് നൽകുന്നതിനായി, ഇലക്ഷൻ കഴിഞ്ഞ് പുതിയ ഭരണസമിതി അധികാരമേൽക്കുന്ന സാഹചര്യമായതിനാൽ, "പുതിയ മുഖം, പുതിയ വികസനം" എന്ന ആശയത്തിൽ ഈ പരിപാടിക്ക് വലിയ വാർത്താ പ്രാധാന്യവും ജനശ്രദ്ധയും ലഭിക്കും.

സമയം: (2.30 മണിക്കൂർ)

വേദി: ക്യാമ്പ് നടക്കുന്ന സ്കൂൾ ഹാൾ അല്ലെങ്കിൽ അടുത്തുള്ള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കോൺഫറൻസ് ഹാൾ.

അതിഥികൾ: പ്രസിഡണ്ട്/ചെയർമാൻ, വാർഡ് മെമ്പർ, സെക്രട്ടറി.

ലക്ഷ്യങ്ങൾ:

- ഇന്ത്യയിലെയും കേരളത്തിലെയും തദ്ദേശ സ്വയംഭരണ ചരിത്രവും അധികാര വികേന്ദ്രീകരണത്തിന്റെ (Decentralization) പ്രാധാന്യവും മനസ്സിലാക്കുക.
- പുതിയ ഭരണസമിതിയുടെ വികസന കാഴ്ചപ്പാടുകൾ നേരിട്ട് ചോദിച്ചറിയുക.
- ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റി നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് പഠിക്കുക.

സമയക്രമം (Session Plan)

- ഘട്ടം 1: ചരിത്രവും പ്രാധാന്യവും

(ക്യാമ്പ് ലീഡറോ, വിഷയവിദഗ്ധനോ നയിക്കുന്ന സെഷൻ)

ചരിത്ര പാഠം: ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ്' എന്ന സങ്കല്പം, 1993-ലെ 73, 74 ഭരണഘടനാ ഭേദഗതികൾ, കേരള മാതൃക: 1996-ൽ തുടങ്ങിയ 'ജനകീയാസൂത്രണം'.

ത്രിതല പഞ്ചായത്ത് സംവിധാനം: ഗ്രാമപഞ്ചായത്ത് -> ബ്ലോക്ക് പഞ്ചായത്ത് -> ജില്ലാ പഞ്ചായത്ത് എന്ന ഘടന ലളിതമായി വിശദീകരിക്കുന്നു.

ഗ്രാമസഭ: ജനാധിപത്യത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ വേദിയാണ് ഗ്രാമസഭ എന്ന് ഓർമ്മിപ്പിക്കുന്നു.

- ഘട്ടം 2: "ലീഡേഴ്സ് ടോക്ക്" – ജനപ്രതിനിധികളുമായുള്ള സംവാദം

(ഇതാണ് പരിപാടിയുടെ കാതൽ. പുതിയ ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും ക്യാമ്പ് അംഗങ്ങളുമായി സംവദിക്കുന്നു).

രീതി: ഒരു 'ടോക്ക് ഷോ' (Talk Show) മാതൃകയിൽ കസേരകൾ ക്രമീകരിക്കുക.

പങ്കെടുക്കുന്നവർ: പ്രസിഡണ്ട് / ചെയർമാൻ (നയം & കാഴ്ചപ്പാട്), സെക്രട്ടറി (നിയമം & നിർവ്വഹണം), വാർഡ് മെമ്പർ (പ്രാദേശിക പ്രശ്നങ്ങൾ).

ചർച്ചാ വിഷയങ്ങൾ: "അടുത്ത 5 വർഷം കൊണ്ട് നമ്മുടെ ഗ്രാമത്തെ എങ്ങനെയൊക്കെ മാറ്റാനാണ് ആഗ്രഹിക്കുന്നത്?", "കുട്ടികൾക്കായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ഉണ്ടോ?", "പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ഡിജിറ്റൽ സേവനങ്ങൾ എന്തൊക്കെയാണ്?", "മാലിന്യ സംസ്കരണത്തിന് നമ്മുടെ വാർഡിൽ എന്താണ് പുതിയ പ്ലാൻ?"

- ഘട്ടം 3: സേവനങ്ങളും അവകാശങ്ങളും

(സെക്രട്ടറിയോ അസിസ്റ്റന്റ് സെക്രട്ടറിയോ നയിക്കുന്നു)

സേവനാവകാശ നിയമം (Right to Service Act): ഒരു അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനുള്ളിൽ മറുപടി ലഭിക്കണം?

കെ-സ്മാർട്ട് (K-Smart) / ഐ.എൽ.ജി.എം.എസ് (ILGMS): മൊബൈൽ ഫോണിലൂടെ പഞ്ചായത്ത് സേവനങ്ങൾ എങ്ങനെ ഉപയോഗിക്കാം?

പ്രധാന സർട്ടിഫിക്കറ്റുകൾ: ജനന-മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, നോൺ-ക്രീമിലെയർ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ ആവശ്യകത.

- ഘട്ടം 4: മോക്ക് ഗ്രാമസഭ (Mock Gramasabha) & സമാപനം

ആക്റ്റിവിറ്റി: കുട്ടികൾ തന്നെ ഒരു 'മാതൃകാ ഗ്രാമസഭ' ചേരുന്നു. ഒരാൾ പ്രസിഡണ്ട്, ഒരാൾ മെമ്പർ, ബാക്കിയുള്ളവർ ഗ്രാമവാസികൾ. വിഷയം: "നമ്മുടെ ഗ്രാമത്തിൽ ഒരു കളിസ്ഥലം (Playground) വേണം". ചർച്ച, തർക്കം, ഒടുവിൽ മിനുട്സ് ബുക്കിൽ തീരുമാനം എഴുതുന്ന രീതി എന്നിവ അഭിനയിച്ചു കാണിക്കുന്നു.

ആദരിക്കൽ: പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ക്യാമ്പ് അംഗങ്ങൾ പൊന്നാടയണിയിച്ച് ആദരിക്കുന്നു.

<u>3.സന്നദ്ധം</u>

ദുരന്ത നിവാരണ & പ്രഥമ ശുശ്രൂഷാ പരിശീലന ശില്പശാല

'കരുതൽ കവചം' പദ്ധതിയുടെ വിജയത്തിനായി വോളണ്ടിയർമാരെ സജ്ജരാക്കുന്ന സെഷൻ.

സഹകരണം: ഫയർ & റെസ്ക്യൂ / ദുരന്ത നിവാരണ അതോറിറ്റി.

1. ആമുഖം & ദുരന്ത നിവാരണം

നമ്മുടെ പ്രദേശത്തെ സാധ്യതയുള്ള അപകടങ്ങൾ തിരിച്ചറിയൽ. രക്ഷാപ്രവർത്തനത്തിലെ സുരക്ഷാ മുൻകരുതലുകൾ.

2. പ്രഥമ ശുശ്രൂഷാ പരിശീലനം

o CPR: ഹൃദയസ്തംഭനം ഉണ്ടായാൽ ചെയ്യേണ്ടത്.

o Heimlich Maneuver: തൊണ്ടയിൽ ഭക്ഷണം കുടുങ്ങിയാൽ പുറത്തെടുക്കാനുള്ള വിദ്യ.

o മുറിവുകളും പൊള്ളലും: രക്തസ്രാവം നിർത്തൽ, പൊള്ളലിനുള്ള പ്രാഥമിക ചികിത്സ.

o എല്ലൊടിയൽ: തുണിയും വടിയും ഉപയോഗിച്ച് കെട്ടിവെക്കുന്ന രീതി (Splinting).

3. ഫസ്റ്റ് എയ്ഡ് കിറ്റ് നിർമ്മാണം

വോളണ്ടിയർമാർ ഗ്രൂപ്പുകളായി തിരിഞ്ഞ് വീടുകളിലേക്ക് നൽകാനുള്ള മാതൃകാ കിറ്റ് തയ്യാറാക്കുന്നു.

ഉള്ളടക്കം: കോട്ടൺ, ബാൻഡേജ്, ഡെറ്റോൾ, ബാൻഡ് എയ്ഡ്, കത്രിക, ORS പാക്കറ്റ്. പുറത്ത് അടിയന്തര നമ്പറുകൾ (ആംബുലൻസ്, ഫയർ ഫോഴ്സ്) എഴുതിയ സ്റ്റിക്കർ പതിക്കുന്നു.

4. ഫയർ സേഫ്റ്റി & റെസ്ക്യൂ ഡ്രിൽ

ഫയർ എക്സ്റ്റിംഗ്വിഷർ പ്രവർത്തിപ്പിക്കുന്ന വിധം, ഗ്യാസ് സിലിണ്ടർ സുരക്ഷ, ഗ്യാസ് ലീക്ക് അണയ്ക്കേണ്ട വിധം. ബ്രീഫിംഗ്: വീടുകൾ 'ഹോം സേഫ്റ്റി ചെക്ക്ലിസ്റ്റ്' പൂരിപ്പിക്കേണ്ട രീതി വിശദീകരിക്കുന്നു.

__________________

4. <u>ഹരിതസാക്ഷ്യം</u>

ശുചിത്വ ബോധവത്കരണവും ഹരിതകർമ്മ സേന ആദരവും

ആകെ സമയം: 2.30 മണിക്കൂർ

വേദി: ക്യാമ്പ് ഓഡിറ്റോറിയം / ഹാൾ

മുഖ്യ അതിഥികൾ: പ്രസ്തുത വാർഡിലെ ഹരിതകർമ്മ സേന അംഗങ്ങൾ (5 പേർ), ഹെൽത്ത് ഇൻസ്പെക്ടർ (അല്ലെങ്കിൽ വി.ഇ.ഒ).

പരിപാടിയുടെ രൂപരേഖ (Program Structure)

1. അറിവിന്റെ ജാലകം (30 മിനിറ്റ്)

(വിഷയം: സുസ്ഥിരതയും സർക്കാർ പദ്ധതികളും)

വിഷയ വിദഗ്ധനോ ക്യാമ്പ് ലീഡറോ താഴെ പറയുന്ന കാര്യങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു:

സുസ്ഥിര വികസനം (Sustainability): ഇന്നത്തെ ആവശ്യങ്ങൾക്കായി പ്രകൃതിയെ ചൂഷണം ചെയ്യാതെ, വരും തലമുറയ്ക്ക് കൂടി ഈ ഭൂമി കാത്തുസൂക്ഷിക്കുന്ന രീതി.

കേരള സർക്കാർ പദ്ധതികൾ:

o മാലിന്യമുക്തം നവകേരളം: കേരളത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കാനുള്ള ജനകീയ ക്യാമ്പയിൻ.

o ഹരിത മിത്രം ആപ്പ്: വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നത് ഡിജിറ്റലായി രേഖപ്പെടുത്തുന്ന സർക്കാർ സംവിധാനം.

o ഉറവിട മാലിന്യ സംസ്കരണം: ജൈവ മാലിന്യങ്ങൾ (ഭക്ഷണ അവശിഷ്ടങ്ങൾ) വീടുകളിൽ തന്നെ കമ്പോസ്റ്റ് ആയോ ബയോഗ്യാസ് ആയോ മാറ്റുന്ന രീതി.

o തുമ്പൂർമൂഴി മോഡൽ: പൊതുസ്ഥലങ്ങളിൽ ജൈവമാലിന്യം വളമാക്കി മാറ്റുന്ന എയ്റോബിക് കമ്പോസ്റ്റ് രീതി.

2. ആദരവ് – "കരുതലിന്റെ കരങ്ങൾ" (20 മിനിറ്റ്)

(ഹരിതകർമ്മ സേനയെ ആദരിക്കുന്ന ചടങ്ങ്)

ആമുഖം: വെറും 'മാലിന്യം പെറുക്കുന്നവർ' എന്നതിലുപരി, നാടിന്റെ ആരോഗ്യം സംരക്ഷിക്കുന്ന 'യഥാർത്ഥ പോരാളികൾ' ആണ് ഹരിതകർമ്മ സേന എന്ന് കുട്ടികളെ ഓർമ്മിപ്പിക്കുന്നു.

ആദരിക്കൽ: ക്യാമ്പിലെ വോളണ്ടിയർമാർ ചേർന്ന് ഹരിതകർമ്മ സേനാംഗങ്ങളെ പൊന്നാട അണിയിക്കുന്നു. ക്യാമ്പിൽ കുട്ടികൾ തന്നെ തയ്യാറാക്കിയ ഒരു ചെറിയ ഉപഹാരം (ഉദാ: പേപ്പർ ബാഗ്, ക്രാഫ്റ്റ് വർക്ക്) അല്ലെങ്കിൽ മധുരം അവർക്ക് നൽകുന്നു.

3. മുഖാമുഖം – "അറിയാം, ആ വഴികൾ" (45 മിനിറ്റ്)

(ഹരിതകർമ്മ സേനാംഗങ്ങളുമായുള്ള സംവാദം. അവരുടെ പ്രവർത്തന രീതികൾ (SOP) കുട്ടികൾ ചോദിച്ച മനസ്സിലാക്കുന്നു) വോളണ്ടിയർമാർക്ക് ചോദിക്കാനുള്ള ചോദ്യങ്ങളും, അതിലൂടെ ലഭിക്കേണ്ട അറിവുകളും:

o തരംതിരിക്കൽ (Segregation):

ചോദ്യം: "ചേച്ചി, പ്ലാസ്റ്റിക് അല്ലാതെ എന്തൊക്കെ സാധനങ്ങളാണ് നിങ്ങൾ വീടുകളിൽ നിന്ന് എടുക്കുന്നത്?"

അറിവ്: വൃത്തിയാക്കിയ പ്ലാസ്റ്റിക്, കുപ്പിച്ചില്ലുകൾ, ഇ-മാലിന്യം (പഴയ ഫോൺ, വയർ), ചെരിപ്പ്, ബാഗ്, മരുന്ന് കവറുകൾ എന്നിവ വേറെ വേറെ തരംതിരിച്ചാണ് ശേഖരിക്കുന്നത്.

o (Collection Calendar):

ചോദ്യം: "എല്ലാ ദിവസവും എല്ലാം എടുക്കുമോ? അതോ ഓരോ മാസവും ഓരോന്നാണോ എടുക്കുന്നത്?"

അറിവ്: ഓരോ മാസവും എടുക്കുന്ന സാധനങ്ങൾ വ്യത്യസ്തമാണ് (ഉദാ: ഒക്ടോബറിൽ കുപ്പിച്ചില്ല്, നവംബറിൽ പഴയ തുണി – ഇത് പഞ്ചായത്ത് കലണ്ടർ അനുസരിച്ചായിരിക്കും).

o (Processing):

ചോദ്യം: "വീടുകളിൽ നിന്ന് എടുക്കുന്ന ഈ സാധനങ്ങൾ പിന്നീട് എങ്ങോട്ടാണ് കൊണ്ടുപോകുന്നത്?"

അറിവ്:

എം.സി.എഫ് (Mini MCF): വാർഡ് തലത്തിലുള്ള ചെറിയ സംഭരണ കേന്ദ്രം.

ആർ.ആർ.എഫ് (Resource Recovery Facility): പഞ്ചായത്ത് തലത്തിലുള്ള വലിയ കേന്ദ്രം. അവിടെ വെച്ച് ഇത് വീണ്ടും തരംതിരിച്ച്, പൊടിച്ച് (Bailing/Shredding) റോഡ് ടാറിംഗിനോ പുനരുപയോഗത്തിനോ അയക്കുന്നു.

o ഉപഭോക്തൃ ഫീസ് (User Fee):

ചോദ്യം: "വീട്ടുകാർ 50/70 രൂപ തരുന്നത് എന്തിനാണ്? അത് കൊടുക്കേണ്ടത് നിർബന്ധമാണോ?"

അറിവ്: ഇത് സേവനത്തിനുള്ള കൂലിയാണ്. ഈ രസീത് ഉണ്ടെങ്കിൽ മാത്രമേ കെട്ടിട നികുതി ' അടയ്ക്കാനും മറ്റ് സർക്കാർ സേവനങ്ങൾക്കും സാധിക്കു എന്ന് സർക്കാർ ഉത്തരവുണ്ട്.

4. പ്രായോഗിക പരിശീലനം (30 മിനിറ്റ്)

(ഹരിതകർമ്മ സേനാംഗങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു)

കഴുകി ഉണക്കിയ പ്ലാസ്റ്റിക് കവറും, അഴുക്കുള്ള കവറും തമ്മിലുള്ള വ്യത്യാസം അവർ കാണിച്ചു തരുന്നു. അഴുക്കുള്ളവ മെഷീനിൽ ഇട്ടാൽ മെഷീൻ കേടാകുമെന്നും, അതുകൊണ്ട് വൃത്തിയാക്കി നൽകേണ്ടതിന്റെ പ്രാധാന്യവും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.

5. സമാപനവും പ്രതിജ്ഞയും (20 മിനിറ്റ്)

എല്ലാ വോളണ്ടിയർമാരും എഴുന്നേറ്റ് നിന്ന് താഴെ പറയുന്ന പ്രതിജ്ഞ എടുക്കുന്നു:

"എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്തമാണ്. അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി തരംതിരിച്ച് മാത്രമേ ഞാൻ ഹരിതകർമ്മ സേനയ്ക്ക് കൈമാറുകയുള്ളൂ. വലിച്ചെറിയൽ മുക്ത കേരളത്തിനായി ഞാൻ പ്രവർത്തിക്കും."

5. ഉണർവ്"- എയ്ഡ്സ് അവബോധന പദ്ധതി (യുവ ജാഗരൺ)

സംഘാടനം: നാഷണൽ സർവീസ് സ്കീം (NSS) യൂണിറ്റ് സഹകരണം: കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (KSACS), ജില്ലാ ആരോഗ്യ വകുപ്പ്.

1. പദ്ധതി അവലോകനം

സമൂഹത്തിൽ എയ്ഡ്സിനെക്കുറിച്ച് നിലനിൽക്കുന്ന തെറ്റായ ധാരണകൾ നീക്കി, പുതുതലമുറയ്ക്ക് ശാസ്ത്രീയമായ അറിവ് പകർന്നു നൽകുന്നതിനായി നാഷണൽ സർവീസ് സ്കീം, KSACS-മായി ചേർന്ന് നടപ്പിലാക്കുന്ന ബോധവൽക്കരണ പദ്ധതിയാണ് "ഉണർവ്". വോളണ്ടിയർമാരെയും പൊതുസമൂഹത്തെയും ഒരേസമയം ബോധവൽക്കരിക്കുക എന്നതാണ് ഇതിന്റെ രീതി.

2. ലക്ഷ്യങ്ങൾ

- എൻ.എസ്.എസ് വോളണ്ടിയർമാർക്ക് എയ്ഡ്സിനെക്കുറിച്ച് (HIV & AIDS) ശാസ്ത്രീയമായ അറിവ് നൽകുക.
- സമൂഹത്തിലെ അന്ധവിശ്വാസങ്ങളും ഭയവും അകറ്റുക.
- വോളണ്ടിയർമാരെ 'റെഡ് റിബൺ ദൂതന്മാരായി' (Red Ribbon Envoys) മാറ്റി സമൂഹത്തിൽ ഇടപെടാൻ പ്രാപ്തരാക്കുക.
- എയ്ഡ്സ് ബാധിതരോടുള്ള വിവേചനം അവസാനിപ്പിക്കുക.

3. പ്രവർത്തന രീതി

ഘട്ടം 1: ആരോഗ്യ വകുപ്പിലെ വിദഗ്ധർ നയിക്കുന്ന ക്ലാസുകൾ വോളണ്ടിയർമാർക്കായി സംഘടിപ്പിക്കുന്നു. ഇതിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്:

- HIV-യും AIDS-ഉം തമ്മിലുള്ള വ്യത്യാസം.
- രോഗം പകരുന്ന യഥാർത്ഥ വഴികളും, പകരാത്ത വഴികളും.
- സർക്കാർ നൽകുന്ന സൗജന്യ ചികിത്സാ സൗകര്യങ്ങൾ (ART, ഉഷസ്, ജ്യോതിസ്).

ഘട്ടം 2: സാമൂഹിക ഇടപെടലും പ്രചാരണവും

ശില്പശാലയിൽ ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലഘുലേഖകൾ വോളണ്ടിയർമാർ വിതരണം ചെയ്യുന്നു.

- ഗ്രാമങ്ങളിലെ വീടുകൾ സന്ദർശിച്ച്) ലഘുലേഖകൾ കൈമാറുന്നു.
- മറ്റ് കമ്മ്യൂണിറ്റി വർക്കുകൾക്കൊപ്പം എയ്ഡ്സ് ബോധവൽക്കരണവും നടത്തുന്നു.
- 'അറിവാണ് ആയുധം' എന്ന സന്ദേശം ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കുന്നു.

4. ഉപസംഹാരം

ഈ പദ്ധതിയിലൂടെ എൻ.എസ്.എസ് വോളന്റിയർമാർ കേവലം കേൾവിക്കാരാകാതെ, അറിവ് പകർന്നു നൽകുന്നവരായി മാറുന്നു. ഗ്രാമീണ ജനതയിലേക്ക് കൃത്യമായ വിവരങ്ങൾ എത്തിക്കാനും, എയ്ഡ്സ് രഹിതവും വിവേചനരഹിതവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാനും "ഉണർവ്" പദ്ധതി ലക്ഷ്യമിടുന്നു.

## 2025-26 സപ്തദിന സഹവാസ ക്യാമ്പ് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

1. **യുവത ഗ്രാമതയുടെ സമഗ്രതയ്ക്കായി** എൻ.എസ്.എസ്. യുവത'എന്നതാണ് ഇത്തവണത്തെ ക്യാമ്പ് ആശയം.

2. എല്ലാ യൂണിറ്റുകളിലും ക്യാമ്പിനു മുന്നോടിയായി യൂണിറ്റ് തല ഉപദേശക സമിതി യോഗം ചേരണം.

3. എൻ.എസ്.എസ്. മാനുവൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഉപദേശക സമിതി യോഗ തീരുമാനപ്രകാരം നിശ്ചയിക്കുന്ന തീയതികളിൽ ഏഴ് ദിവസമാണ് ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.

4. ക്യാമ്പിന്റെ നടത്തിപ്പിനായി യൂണിറ്റ്തല സംഘാടകസമിതി രൂപീകേണ്ടതാണ്. ഇതിൽ ജനപ്രതിനിധികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ആശാവർക്കർമാർ, കുടുംബശ്രീ സി.ഡി .എസ്. അംഗങ്ങൾ, പിടിഎ അംഗങ്ങൾ, സാംസ്കാരിക പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരെ കൂടി ഉൾപ്പെടുത്തി പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പാക്കണം.

സംഘാടക സമിതി തീരുമാനങ്ങൾ ഉപദേശക സമിതിയുടെ മിനിറ്റ്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തണം

5. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർക്ക് സാമൂഹിക ഇടപഴകലിനുള്ള അവസരങ്ങൾ പരമാവധി ഒരുക്കിക്കൊടുക്കണം.

6. ക്യാമ്പിന്റെ ആദ്യ ദിനം ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഉചിതമായ രീതിയിൽ ഉദ്ഘാടന സമ്മേളനം നടത്തണം.

7. ആദ്യദിനം ഉദ്ഘാടന സമ്മേളനത്തിന് മുന്നോടിയായി ക്യാമ്പിംഗ് സ്കൂൾ പരിസരത്തെ പൊതുജന പങ്കാളിത്തം കൂടി ഉറപ്പാക്കിക്കൊണ്ട് വിളംബര റാലി നടത്തണം. ക്യാമ്പിന്റെ ആശയങ്ങളും ലക്ഷ്യങ്ങളും പൊതുജനങ്ങൾക്ക് ബോധ്യമാകുന്ന വിധത്തിൽ വേണം റാലിയുടെ ക്രമീകരണം.

8. എല്ലാ പ്രോഗ്രാം ഓഫീസർമാരും ക്യാമ്പ് പ്രൊപ്പോസൽ ജില്ലാ കൺവീനർമാർ നൽകുന്ന ഗൂഗിൾ ഫോം ലിങ്ക് വഴി ഡിസംബർ 15 ന് മുമ്പായി കൃത്യമായി പൂരിപ്പിച്ച് നൽകേണ്ടതാണ്. ഡിസംബർ 20 ന് മുമ്പായി ജില്ലാതല ക്രോഡീകരണം പൂർത്തിയാക്കി സോഫ്റ്റ് കോപ്പി ഹയർ സെക്കൻഡറി എൻ.എസ്.എസ്. സെല്ലിൽ സമർപ്പിക്കണം.

9. ക്യാമ്പ് സംഘാടനവുമായി ബന്ധപ്പെട്ട പ്രീ ക്യാമ്പ് ഓറിയന്റേഷൻ ഏകദിന പരിശീലനം എന്ന നിലയിൽ ഡിസംബർ 12 ന് മുൻപേ സംഘടിപ്പിക്കാം. യൂണിറ്റിൽ നിന്ന് ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ആണ് പങ്കെടുക്കേണ്ടത്.

10. ക്യാമ്പിങ്ങിനായി തിരഞ്ഞെടുക്കുന്ന വിദ്യാലയം മാതൃ യൂണിറ്റിൽ നിന്ന് മൂന്നു മുതൽ 8 കിലോമീറ്റർ വരെ ദൂര പരിധിക്കുള്ളിൽ ആയിരിക്കണം. പൊതുവിദ്യാലയങ്ങളിൽ മാത്രമേ ക്യാമ്പുകൾ സംഘടിപ്പിക്കാൻ അനുമതിയുള്ളൂ.

11. ക്യാമ്പ് ബാനറുകളുടെ സോഫ്റ്റ് കോപ്പി എൻ .എസ്. എസ്. സെല്ലിൽ തയ്യാറാക്കി നൽകും. അതിൽ സ്കൂളിൻറെ പേര്, ക്യാമ്പ് തീയതി എന്നിവ കൂട്ടി ചേർത്ത് തുണിയിൽ പ്രിൻറ് ചെയ്താണ് ഉപയോഗിക്കേണ്ടത്. സ്കൂൾ കവാടത്തിലും ഓഡിറ്റോറിയത്തിലുമായി രണ്ട് ബാനറുകൾ ക്രമീകരിക്കണം.

12. ക്യാമ്പിന്റെ കാര്യപരിപാടികൾ ഉദ്ഘാടന സമാപന സമ്മേളനങ്ങൾ വിവിധ സെഷനുകൾ ക്യാമ്പിലേക്കുള്ള റൂട്ട് മാപ് എന്നിവ വിശദമാക്കുന്ന അച്ചടിച്ച നോട്ടീസ് തയ്യാറാക്കേണ്ടതും ക്യാമ്പിനു മുൻപായി എൻ.എസ്.എസ്. സെല്ലിലേക്ക് ജില്ലാ കൺവീനർമാർ വഴി നൽകേണ്ടതുമാണ്.

13. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ രക്ഷാകർതൃ യോഗം വിളിച്ചു ചേർത്ത് ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും അവരുടെ ഒപ്പോടുകൂടിയ സമ്മതപത്രം വാങ്ങി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

14. തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പോലീസ്, ആരോഗ്യവകുപ്പ്, ജനപ്രതിനിധികൾ, ക്യാമ്പ് പ്രദേശത്തെ പൊതുജനങ്ങൾ എന്നിവരെ സ്പെഷ്യൽ ക്യാമ്പ് മുൻകൂട്ടി അറിയിക്കേണ്ടതും ആവശ്യമായ അനുമതികൾ നേടിയിരിക്കേണ്ടതുമാണ്. സമീപത്തുള്ള പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, ആശുപത്രികൾ എന്നിവയുടെ ഫോൺ നമ്പർ ക്യാമ്പിൽ പ്രദർശിപ്പിക്കണം.

15. അധ്യാപകരുടെ ക്യാമ്പ് ഡ്യൂട്ടി ലിസ്റ്റ് (രണ്ട് അദ്ധ്യാപകരും, രണ്ട് അദ്ധ്യാപികമാരും) ക്യാമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്. പെൺകുട്ടികൾ പങ്കെടുക്കുന്ന ക്യാമ്പിൽ രണ്ട് അധ്യാപികമാർ നിർബന്ധമായും ഉണ്ടായിരിക്കണം.

16. എൻറോൾമെൻറ് ലിസ്റ്റിൽ ഉൾപ്പെട്ട വോളന്റിയർമാർക്കും, പ്രത്യേക അനുമതി നേടിയ രണ്ടാം വർഷ വോളന്റിയർമാർക്കും മാത്രമാണ് ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

17. എല്ലാ വോളന്റിയർമാരും ഒരു ലഹരിവിരുദ്ധ പോസ്റ്റർ മുൻകൂർ തയ്യാറാക്കി ക്യാമ്പിൽ ലഹരിവിരുദ്ധ പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കണം.

18. ക്യാമ്പിന് മുന്നോടിയായി എല്ലാ രജിസ്റ്ററുകളും ഒന്നാംവർഷ വോളന്റിയർമാരുടെ വർക്ക് ഡയറിയും പൂർത്തീകരിക്കേണ്ടതും അവ പരിശോധനയ്ക്കായി ക്യാമ്പ് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

17. വോളന്റിയർമാർക്കുള്ള ഭക്ഷണം ക്യാമ്പിൽ തന്നെ പാചകം ചെയ്യണം. പുറത്തുനിന്നുള്ള ഭക്ഷണം അനുവദനീയമല്ല.

18. വോളന്റിയർമാർ ക്യാമ്പിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല.

19. ക്യാമ്പിലെ വസ്ത്രധാരണം അച്ചടക്കം എന്നിവ കർശനമായും മോണിറ്റർ ചെയ്യണം.

20. അപകടകരമായ രീതിയിൽ പ്രവർത്തനങ്ങൾ ഏർപ്പെടാൻ വോളന്റിയർമാരെ അനുവദിക്കരുത്. വെള്ളം, വൈദ്യുതി, പാചകശാലയിലെ അഗ്നി ഉപയോഗം എന്നിവയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും കരുതലും ഉണ്ടാകണം.

നദി, കനാൽ, കുളം, തോട് എന്നിവിടങ്ങളിൽ കുളിക്കാനോ മറ്റ് പ്രവർത്തനങ്ങൾ ഏർപ്പെടാനോ വോളന്റിയർമാർക്ക് അനുവാദം നൽകരുത്.

21. ജനപ്രതിനിധികൾ, ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാർ ഡ്യൂട്ടിയിലുള്ള അധ്യാപകർ ക്ഷണിക്കപ്പെട്ട വ്യക്തികൾ എൻ.എസ്.എസ്. ചുമതലക്കാർ എന്നിവർക്ക് അല്ലാതെ ആർക്കും ക്യാമ്പിൽ പ്രവേശനമില്ല. പുറമേ നിന്നുള്ള യാതൊരു വിധ കലാപരിപാടികളും ക്യാമ്പിൽ അനുവദനീയമല്ല.

22. ക്യാമ്പ് സമയത്ത് യാതൊരുവിധ ആവശ്യങ്ങൾക്കും വോളന്റിയർമാരെ വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കരുത്.

23. ക്യാമ്പിൽ സംഘടിപ്പിക്കുന്ന കൾച്ചറൽ ആക്റ്റിവിറ്റീസിലും എല്ലാ പരിപാടികളിലും വോളന്റിയർമാർക്ക് മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ,

24. ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി നിലവിലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അനുയോജ്യമായ തീരുമാനങ്ങൾ എടുക്കാനുള്ള പൂർണാധികാരം പ്രോഗ്രാം ഓഫീസറിലും പ്രിൻസിപ്പലും സംയുക്തമായി നിക്ഷിപ്തമാണ്.

25. ഉപദേശക സമിതിയുടെ തീരുമാനപ്രകാരമുള്ള നിശ്ചിത സമയങ്ങളിൽ അല്ലാതെ രക്ഷകർത്താക്കൾ ക്യാമ്പിൽ പങ്കെടുക്കേണ്ടതില്ല.

26. സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പുറത്തുപോകുന്ന അവസരങ്ങളിൽ ഗ്രൂപ്പായി മാത്രമേ വോളന്റിയർമാരെ നിയോഗിക്കാവൂ. പ്രവർത്തനം പൂർത്തിയാക്കി എല്ലാ വോളന്റിയർമാരും കൃത്യസമയത്ത് ക്യാമ്പിൽ എത്തിയെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പാക്കേണ്ടതാണ്. ക്യാമ്പ് അറ്റൻഡൻസ് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കണം. ക്യാമ്പിലും ക്യാമ്പിനു പുറത്തും എൻ.എസ്.എസ്. ലക്ഷ്യങ്ങളും മൂല്യങ്ങളും മുൻനിർത്തി വോളന്റിയർമാർ അച്ചടക്കത്തോടെ പെരുമാറേണ്ടതാണ്.

27. എല്ലാ ക്യാമ്പുകളിലും ഫസ്റ്റ് എയ്ഡ് കിറ്റ് സൂക്ഷിക്കേണ്ടതാണ്. വോളന്റിയർമാർക്ക് ശാരീരികമായി അവശതകളോ അത്യാഹിതങ്ങളോ ഉണ്ടാവുന്ന പക്ഷം ഒട്ടും കാലവിളമ്പം കൂടാതെ വൈദ്യസഹായം ലഭ്യമാക്കണം.

28. സ്പെഷ്യൽ ക്യാമ്പുമായി ബന്ധപ്പെട്ട് പഠനയാത്രകൾ, ട്രക്കിംഗ് ക്യാമ്പ് ഫയർ എന്നിവ പാടില്ല.

29. സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ സമഗ്രമായ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള ചുമതല പ്രോഗ്രാം ഓഫീസർക്കും, പ്രിൻസിപ്പലിനുമാണ്.

30. വോളന്റിയർമാരെ ആറ് ഗ്രൂപ്പുകളായി തിരിക്കണം

- പ്രോഗ്രാം കമ്മിറ്റി
- റിസപ്ഷൻ കമ്മിറ്റി
- പ്രോജക്ട് കമ്മിറ്റി
- കൾച്ചറൽ പ്രോഗ്രാം & ജനറൽ ഡിസിപ്ലിൻ കമ്മിറ്റി
- ഡോക്യുമെന്റേഷൻ കമ്മിറ്റി
- മെസ് കമ്മിറ്റി

ഓരോ കമ്മിറ്റിയിലും എട്ടു വീതം അംഗങ്ങൾ ഉണ്ടായിരിക്കണം(6×8=48) വോളന്റിയർ ലീഡർമാരായ രണ്ടുപേർ പൊതു ഏകോപന ചുമതല നിർവഹിക്കണം. ഓരോ കമ്മിറ്റിക്കും ഒരു ലീഡർ ഉണ്ടായിരിക്കണം. ഒരോ ദിനവും കമ്മിറ്റികൾക്ക് ചുമതല മാറ്റി നൽകേണ്ടതാണ്.

31. എല്ലാ ദിവസവും പ്രഭാത അസംബ്ലി, ക്യാമ്പ് പത്രപ്രകാശനം, ഇന്നത്തെ ശുഭചിന്ത, ദിനചര്യ വിശദീകരണം, ക്യാമ്പ് ഡോക്യുമെന്റേഷൻ അവതരണം, ക്യാമ്പ് റിപ്പോർട്ട്, ക്യാമ്പ് വിലയിരുത്തൽ ഭാവി ആസൂത്രണം തുടങ്ങിയവ ചിട്ടയായി സംഘടിപ്പിക്കണം.

32. എല്ലാദിവസത്തെയും മെനു എഴുതി പ്രദർശിപ്പിക്കണം.

33. ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനായി ക്യാമ്പ് അംഗങ്ങൾ പ്രിൻസിപ്പൽ ക്ലസ്റ്റർ കൺവീനർ രക്ഷാകർത്താക്കൾ അധ്യാപക പ്രതിനിധികൾ ഉപദേശക സമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ക്യാമ്പ് പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രധാന നിർദ്ദേശങ്ങളും പ്രവർത്തനങ്ങളുടെ ഫോട്ടോയും ഗ്രൂപ്പിൽ പങ്കുവെക്കാവുന്നതാണ്. ക്യാമ്പ് സമാപിക്കുന്നതോടെ ഗ്രൂപ്പ് പിരിച്ചുവിടേണ്ടതാണ്.

34. ഓരോ ദിവസത്തെയും ക്യാമ്പ് പൂർത്തിയാകുമ്പോൾ വോളന്റിയർമാർ ഡയറിയിൽ ക്യാമ്പ് പ്രവർത്തനങ്ങൾ പ്രതിദിനം രേഖപ്പെടുത്തണം.

35. ഹരിത ചട്ട നിബന്ധനകൾ കൃത്യതയോടെ പാലിച്ചു വേണം ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)